പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3733

17.12.2015 ലെ മറുപടിക്ക്

## രൂപേഷിന്റെ ചികിത്സാ ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്ത് വരവെ വാഹനാപകടത്തിൽ അതിഗുരുതരാവസ്ഥയിൽ 9 മാസം അബോധാവസ്ഥയിൽ ചികിത്സയിൽ കഴിയവെ 20 ലക്ഷം രൂപയിലധികം ചികിത്സക്ക് ചെലവായി മരണപ്പെട്ട രൂപേഷിന്റെ കുടുംബത്തിന് ചികിത്സക്ക് ചെലവായ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് രൂപേഷിന്റെ അമ്മ ശ്രീമതി. ടി. ശകുന്തള നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ചികിത്സാച്ചെലവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ആഫീസറായിരുന്ന രൂപേഷിന്റെ അമ്മ സമർപ്പിച്ച മെഡിക്കൽ റീ-ഇംബേഴ്മെന്റ് അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ചിരുന്നതും ടി മെഡിക്കൽ റീ-ഇംബേഴ്മെന്റ് അപേക്ഷ ആരോഗ്യ വകുപ്പു ഡയറക്ടറുടെ വെരിഫിക്കേഷനും സർട്ടിഫിക്കേഷനും ശേഷം പുനർ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ടി 'ക്ലെയിം' വെരിഫിക്കേഷനും സർട്ടിഫിക്കേഷനുമായി 23.07.2015-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചിട്ടുള്ളതാണ്. ആയത് തിരികെ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ